# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4481** **17/12/2014** -ൽ മറുപടിക്ക്

## ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള പഴയ പൈപ്പ്ലൈനുകൾ മാറ്റി പകരം പുതിയ എം.എസ് പൈപ്പ് ഇടുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന കുടിവെള്ള പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾക്ക് പകരം അനുയോജ്യമായ പൈപ്പുകൾ ഇടുന്നതിനുള്ള പ്രൊപ്പോസലുകൾ ഓരോ വർഷവും ശേഖരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. ആദ്യപടിയായി പഴയ എ.സി, പ്രീമോ പൈപ്പുകൾ മാറ്റി പകരം ഡി.ഐ/ എം.എസ്/പി.വി.സി തുടങ്ങിയവ പ്രദേശത്തിന്റെ അവസ്ഥ അനുസരിച്ച് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗര ശുദ്ധജല വിതരണ പദ്ധതിയിൽ അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള പഴകിയ പി.എസ്.സി പൈപ്പിനു പകരം എം.എസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 26/2/2014-ൽ പൂർത്തിയായി കമ്മീഷൻ ചെയ്തു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പൈപ്പുകളുടെ കാലപ്പഴക്കവും നിരന്തരമായ പൊട്ടലുകളും കാരണം ഉല്പാദിപ്പിക്കുന്ന ശുദ്ധജലത്തിന്റെ നല്ലൊരു ശതമാനം പാഴായി പോകുന്നത് തടയുന്ന |

JSK/

തിനായി പഴയതും ഉപയോഗ ശൂന്യവുമായ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം പൈപ്പുകൾ മാറ്റുന്നതിലൂടെ ചോർച്ച മൂലമുള്ള ജലനഷ്ടം പരിഹരിക്കു കയും, ശുദ്ധജല വിതരണം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം കൂടാതെ അറ്റകുറ്റ പണികളുടെ ചെലവും കുറയ്ക്കാൻ സാധിക്കും.

(സി) സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണത്തിന് പ്രസ്തുത നടപടി എത്രമാത്രം പ്രയോജന കരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(സി) മെയിൻ ലൈനുകളിലെ സ്ഥിരമായി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ ഒഴിവാക്കു ന്നതിലൂടെ കൂടുതൽ ശുദ്ധജലം ടാങ്കുകളിൽ എത്തുകയും ജലവിതരണം മെച്ചപ്പെടുകയും കൂടുതൽ സ്ഥലങ്ങളിലേക്ക് വിതരണ ശൃംഖല സ്ഥാപിക്കുവാൻ കഴിയുകയും ചെയ്യും. പദ്ധതികളുടെ നവീകരണം കൂടി കണക്കിലെടുത്ത് അതിന് യോജിക്കുന്ന വ്യാസവും ക്ലാസ്സുമുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. ആയതിനാൽ പൈപ്പ് പൊട്ടി റോഡുകൾ തകരുന്നതും മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുന്നതും ഒഴിവാക്കാനും സാധിക്കും.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) ഇതിലേക്കായി സംസ്ഥാന സർക്കാർ 2009-10 ബജറ്റിൽ സാർക്ക് 2009-10 എന്ന ഹെഡിൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി 6 പദ്ധതികളുടെ പൈപ്പുകൾ മാറ്റിയിടുന്നതിനായി തുക വക കൊള്ളിച്ചിരുന്നു. കൂടാതെ 2011-12 ബജറ്റ് മുതൽ "പഴയതും ഉപയോഗ ശൂന്യവുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ" എന്ന ഹെഡിൽ ഒരു നിശ്ചിത തുക സർക്കാർ വക കൊള്ളിച്ചുവരുന്നു. ഇത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| വർഷം | ബജറ്റിൽ വക കൊള്ളിച്ച തുക | ഭരണാനു മതി നൽകിയ തുക | ചെലവാ ക്കിയ തുക |
|---|---|---|---|
| 2011-12 | 6500.00 | 7579.90 | 7131.95 |
| 2012-13 | 8500.00 | 11241.89 | 8600.57 |
| 2013-14 | 9000.00 | 14560.00 | 7038.66 |
| 2014-15 | 9500.00 | 5337.00* | 4999.21* |

(*നാളിതുവരെ)

സെക്ഷൻ ഓഫീസർ

JSK/